**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1771** **31-08-2022 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിലെ സാമൂഹ്യനീതി വകുപ്പിന്റെ ധനസഹായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം, വിവിധ പദ്ധതികൾ മുഖേന അരുവിക്കര മണ്ഡലത്തിലെ വ്യക്തികൾക്ക് അനുവദിച്ചിട്ടുള്ള ധനസഹായങ്ങളുടെ വിവരങ്ങൾ വ്യക്തിയുടെ പേര്, മേൽവിലാസം, പഞ്ചായത്ത്, പദ്ധതിയുടെ പേര് എന്നിവ തരം തിരിച്ച് ലഭ്യമാക്കാമോ; | (എ) | സാമൂഹ്യ നീതി വകുപ്പും വകുപ്പിന് കീഴിലെ സ്ഥാപനങ്ങളും സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പദ്ധതികളൊന്നും തന്നെ മണ്ഡലം തിരിച്ച് നടപ്പിലാക്കുന്നവയല്ല. എന്നാൽ സാമൂഹ്യ നീതി വകുപ്പ് ട്രാൻസ്ജെൻഡർ, പ്രൊബേഷൻ & ആഫ്റ്റർ കെയർ സംവിധാനം വഴി അരുവിക്കര നിയോജക മണ്ഡലത്തിലെ വ്യക്തികൾക്ക് അനുവദിച്ചു നൽകിയിട്ടുള്ള ധനസഹായങ്ങളുടെ വിശദാംശം **അനുബന്ധം - 1** ആയി ചേർക്കുന്നു. വകുപ്പിന് കീഴിലെ സ്ഥാപനമായ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശം **അനുബന്ധം - 2** ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ ആനുകൂല്യങ്ങൾക്കായി ലഭിച്ച അപേക്ഷകളിൽ ഇനി തീർപ്പാക്കാനുള്ള അപേക്ഷകളുടെ വിവരങ്ങൾ മേൽ സൂചിപ്പിച്ച പ്രകാരം തരം തിരിച്ച് ലഭ്യമാക്കാമോ? | (ബി) | സാമൂഹ്യ നീതി വകുപ്പും വകുപ്പിന് കീഴിലെ സ്ഥാപനങ്ങളും സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പദ്ധതികളൊന്നും തന്നെ മണ്ഡലം തിരിച്ച് നടപ്പിലാക്കുന്നവയല്ല. എന്നാൽ സാമൂഹ്യ നീതി വകുപ്പ് ട്രാൻസ്ജെൻഡർ, പ്രൊബേഷൻ & ആഫ്റ്റർ കെയർ സംവിധാനം വഴി അരുവിക്കര നിയോജക മണ്ഡലത്തിലെ വ്യക്തികൾക്ക് അനുവദിച്ചു നൽകിയിട്ടുള്ള ധനസഹായങ്ങളുടെ വിശദാംശം **അനുബന്ധം - 1** ആയി ചേർക്കുന്നു. വകുപ്പിന് കീഴിലെ സ്ഥാപനമായ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശം **അനുബന്ധം - 2** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

അരുവിക്കര നിയോജകമണ്ഡലത്തിലെ വ്യക്തികൾക്ക് അനുവദിച്ച നല്കിയിട്ടുള്ള ധനസഹായങ്ങളുടെ വിശദാംശം നിശ്ചിത പ്രൊഫോർമയിൽ ചുവടെ ചേർക്കുന്നു.

**പ്രൊബേഷൻ ആന്റ് ആഫ്റ്റർ കെയർ സംവിധാനം**

| ക്രമ നം | പേര് | മേൽവിലാസം | പഞ്ചായത്ത് | പദ്ധതിയുടെ പേര് |
|---|---|---|---|---|
| 1 | നദീർ ഖാന് @ ബിജു (കുട്ടിയുടെ പേര് :ആയിഷ ഫാത്തിമ) | ബിജു ഭവൻ നെടുമാന്നൂർ പുനലാൽ പി ഒ | വെള്ളനാട് | തടവുകാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം |
| 2 | സുരേഷ് കുമാർ (കുട്ടിയുടെ പേര് :സംഗീതാസുരേഷ്, സ്നേഹ സുരേഷ് ) | ബിജു ഭവന് നെടുമാന്നൂർ പുനലാൽ പി ഒ | വെള്ളനാട് | തടവുകാരുടെ മക്കൾക്കുള്ളവിദ്യാഭ്യാസ ധനസഹായം |
| 3 | രഞ്ജിതാബാബു | രഞ്ജിനി ഭവൻ കരിമ്പുവിള കരകുളം പി ഒ | അരുവിക്കര | ജീവനം |
| 4 | എൽസി എൽ W/O റോബിൺസൺ Y | ദീപ ഭവൻ കൈരളി നഗർ കടമ്പനാട് ചെറിയകൊണ്ണി പി ഒ | അരുവിക്കര | തടവുകാരുടെ ആശ്രിതർക്കുള്ള സ്വയം തൊഴില് ധനസഹായം |
| 5 | സിന്ധു റ്റി W/O രാജൻ കാണി | പൊടിയക്കാല കിഴക്കുംകര വീട് പേപ്പാറ പി 0 | വിതുര | തടവുകാരുടെ ആശ്രിതർക്കുള്ള സ്വയം തൊഴില് ധനസഹായം |

**ട്രാൻസ്ജെൻഡർ വിഭാഗം**

| ക്രമ നം | പേര് | മേൽവിലാസം | പഞ്ചായത്ത് | പദ്ധതിയുടെ പേര് |
|---|---|---|---|---|
| 1 | ശരൺ കാർത്തികേയൻ | ശരണ്യ ഭവൻ കൊല്ലിയ കോണം,വാൻഡ,നെടുമങ്ങാട് പി ഒ | അരുവിക്കര | ലിംഗമാറ്റ ശസ്ത്രക്രിയ ധനസഹായം , ലിംഗമാറ്റ |

| | | | | |
|---|---|---|---|---|
| | | തിരുവനന്തപുരം-695541 | | ശസ്ത്രക്രിയയ്ക്കുള്ള തുടർ ചികിത്സ ധനസഹായം |
| 2 | ചാർമി എൻ ബി | കുന്നുർകൽ ലക്ഷം വീട്, കരകുളം, തിരുവനന്തപുരം-695564 | കരകുളം | ലിംഗമാറ്റ ശസ്ത്രക്രിയ ധനസഹായം , ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള തുടർ ചികിത്സ ധനസഹായം |

## അനുബന്ധം - 2

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. എന്നാൽ എല്ലാ പദ്ധതികളുടെയും നിയമസഭാ മണ്ഡലം തിരിച്ചുള്ള കണക്ക് ശേഖരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേരും വിശദാംശവും | വ്യക്തിയുടെ പേര് | മേൽ വിലാസം | പഞ്ചായത്ത് |
|---|---|---|---|---|
| 1 | ആശ്വാസകിരണം പദ്ധതി (ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമാവിധം കിടപ്പിലായ രോഗികളെയും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം) | ആശ്വാസകിരണം പദ്ധതിയിൽ ലഭിച്ച അപേക്ഷകളുടെ നിയമസഭാ മണ്ഡലങ്ങൾ തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ അരുവിക്കര മണ്ഡലം തിരിച്ചുള്ള വിവരം ലഭ്യമല്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിലെ നിലവിലെ 13,390 ഗുണഭോക്താക്കൾക്ക് 5,42,40,061/- രൂപ ധനസഹായം അനുവദിക്കുവാൻ സാധിച്ചു. | | | |
| 2 | സ്നേഹസ്പർശം പദ്ധതി (ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർക്ക് പ്രതിമാസം ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്). | സ്നേഹസ്പർശം പദ്ധതിയിൽ ലഭിച്ച അപേക്ഷകളുടെ നിയമസഭാ മണ്ഡലങ്ങൾ തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ അരുവിക്കര മണ്ഡലം തിരിച്ചുള്ള വിവരം ലഭ്യമല്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിലെ നിലവിലെ 16 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിന് 3,84,000/- രൂപ ചെലവഴിക്കുകയുായി. | | | |
| 3 | ശ്രുതിതരംഗം പദ്ധതി (5 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ നിന്നും ശ്രവണവൈകല്യമുള്ള കുട്ടികളെ വളരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ വൈകല്യം മാറ്റിയെടുക്കുന്ന പദ്ധതി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശ്രുതിതരംഗം പദ്ധതിയ്ക്കായി അരുവിക്കര നിയോജക മണ്ഡലത്തിൽ നിന്നും അപേക്ഷകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. | | | |
| 4 | സ്നേഹപൂർവ്വം പദ്ധതി (മാതാപിതാക്കളിൽ ആരെങ്കിലുംമോ അല്ലെങ്കിൽ ഇരുവരുമോ മരണപ്പെട്ട് സാമ്പത്തികമായി പിന്നോക്കം | സ്നേഹപൂർവ്വം പദ്ധതിയിൽ ലഭിച്ച അപേക്ഷകളുടെ നിയമസഭാ മണ്ഡലങ്ങൾ തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ അരുവിക്കര മണ്ഡലം തിരിച്ചുള്ള വിവരം ലഭ്യമല്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ | | | |

| | | | | |
|---|---|---|---|---|
| | നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പ ദ്ധതിയാണിത്). | വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ നിന്നും അപേക്ഷ ലഭിച്ച 9722 ഗുണഭോക്താക്കൾക്ക് 5,09,23,050/- രൂപ ധനസഹായം അനുവദിക്കുവാൻ സാധിച്ചു. | | |
| 5 | സമാശ്വാസം പദ്ധതി (വൃക്ക തകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിസിൽ ഏർപ്പെടുന്നവർ, വൃക്ക, കരൾ മാറ്റിവയ്ക്കൽ സർജറിയ്ക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ, സിക്കിൾ സെൽ അനീമിയ രോഗികൾ എന്നിവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ്) | സമാശ്വാസം പദ്ധതിയിൽ ലഭിച്ച അപേക്ഷകളുടെ നിയമസഭാ മണ്ഡലങ്ങൾ തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ അരുവിക്കര മണ്ഡലം തിരിച്ചുള്ള വിവരം ലഭ്യമല്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിലെ നിലവിലെ 164 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് 20,11,200/- രൂപ ചെലവഴിക്കുകയുണ്ടായി | | |
| 6 | വീകെയർ പദ്ധതി | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വീകെയർ പദ്ധതിയ്ക്ക് തിരുവനന്തപുരം ജില്ലയിൽ നിന്നും ആകെ 342 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വീകെയർ പദ്ധതിയിൽ ലഭിച്ച അപേക്ഷകളുടെ നിയമസഭാ മണ്ഡലങ്ങൾ തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ അരുവിക്കര മണ്ഡലം തിരിച്ചുള്ള വിവരം ലഭ്യമല്ല. എന്നാൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആകെ ലഭിച്ച 342 അപേക്ഷകളിൽ 77 അപേക്ഷകർക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി 1,23,75,199/- രൂപ ചെലവഴിച്ചിട്ട്. | | |
| 7 | മെയ്ന്റനൻസ് പദ്ധതി (കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് നൽകുന്ന പ ദ്ധതി) | Muhammed Diyan.M.S | S/o Muhammed Shahin S, Shan manzil, thottumukku, vithura p.o, tholicode, vithura, thiruvananthapuram 695551. | Tholicode (ടിയാന് ആനുകൂല്യം നൽകുന്നതിനായി 31,329/- രൂപ ചെലവഴിച്ചു). |